PROCEEDINGS OF
THE KERALA LEGISLATIVE ASSEMBLY

First Session—1964

Wednesday, the 26th February 1964

Vol. XVIII] OFFICIAL REPORT [No. 13

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the clock on Wednesday, the 26th February 1964 with Mr. Speake in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the day)

ORAL ANSWERS

Mr. Speaker : Questions and Answers. Question number 1, Shri C. K. Balakrishnan.

കൊലപാതകങ്ങൾ

* 394. [1] ശ്രീ. സി. കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1961–62, 1962–63 എന്നീ വർഷങ്ങളിൽ കേരളത്തിൽ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട് ;

(ബി) ഇതിലെത്രയെണ്ണം ചാർജ്ജ് ചെയ്യാതെ കിടപ്പുണ്ട് ;

(സി) ഇടവാ, വക്കല എന്നീ സ്ഥലങ്ങളിൽ നടന്ന കൊലപാതകങ്ങളിൽ ഏതെങ്കിലും ചാർജ്ജ ചെയ്യാതെയുണ്ടോ ; ഉണ്ടെങ്കിൽ കാരണമെന്ത് ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 1961–62, 1962–63 എന്നീ വർഷങ്ങളിൽ, യഥാക്രമം 236–ം 231–ം കൊലപാതകങ്ങൾ നടന്നിട്ടുണ്ട്.

(ബി) 21 കേസുകൾ.

(സി) ഇടവായിൽനിന്ന കേസുകൾ ഒന്നും റിപ്പോർട്ടചെയ്തിട്ടില്ല. വക്കലനിന്ന റിപ്പോർട്ടചെയ്ത ഒരു കേസു ചാർജ്ജചെയ്യാത്തതിന്റെ കാരണം അന്വേഷണം പൂർത്തിയാകാത്തതാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ : ആറുമാസത്തോളമായിട്ടും അന്വേഷണം പൂർത്തിയാകാത്തതിന്റെ കാരണമെന്താണു് ; ആരാണു് അന്വേഷണം നടത്തുന്നതു് ?

ശ്രീ. ആർ. ശങ്കർ : അന്വേഷണോദ്യോഗസ്ഥന്റെ തകരാറല്ല ; ആ കേസു ചാർജ്ജുചെയ്യുത്തക്കവിധത്തിൽ വേണ്ടിടത്തോളം തെളിവു് ഇനിയും ലഭിച്ചിട്ടില്ല. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പു് : പോലീസു ചാർജ്ജുചെയ്യാത്ത കേസു ഏതെങ്കിലും സ്വകാര്യവ്യക്തി അന്യായം ഫയൽചെയ്യ കേസു് ശിക്ഷിക്കപ്പെട്ട ഏതെങ്കിലും സംഭവം ഉണ്ടായിട്ടുണ്ടോ, അതും ഇതിൽ ഉൾപ്പെടുമോ; ഉൾപ്പെടുമെങ്കിൽ അങ്ങനെ സംഭവിച്ചതിന്റെ കാരണത്തെപ്പറ്റി ഗവണ്മെന്റു കാര്യമായി അന്വേഷിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഒണക്കൻ കൊലക്കേസിനെപ്പറ്റിയായിരിക്കും മെമ്പർ സൂചിപ്പിക്കുന്നതു്. അതു് ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നു പറയാൻ നിവൃത്തിയില്ല. അതിനെപ്പറ്റി അന്വേഷണം വേറെ നടത്തുന്നുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : ചാർജ്ജുചെയ്യാതെ കിടക്കുന്ന കേസുകളിൽ അൺ ഡിറെക്റ്റഡ് കേസുകളും ഉണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഉണ്ടു്. അങ്ങനെ 5 കേസുകളും ഉണ്ടു്. ചാർജ്ജു ചെയ്യാത്ത 21 കേസുകളിൽ 14 എണ്ണം സ്വയം അവസാനിച്ചുപോയി. പ്രതികളും മരിച്ചുപോകുകയോ, അല്ലെങ്കിൽ ആത്മഹത്യചെയ്യുകയോമൂലമാണു് അങ്ങനെ സംഭവിച്ചതു്. ബാക്കിയുള്ള ഏഴു കേസുകളിൽ രണ്ടെണ്ണത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികളും നടന്നുകൊണ്ടിരിക്കുകയാണു്. 5 കേസുകളും അൺ ഡിറെക്റ്റഡായതുകൊണ്ടു് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : ഒണക്കൻ കൊലക്കേസിനെ സംബന്ധിച്ച വസ്തുതകളുംവച്ചുകൊണ്ടു് മലയാളി, മാതൃഭൂമി എന്നീ പത്രങ്ങളും വിമർശനപരമായ മുഖപ്രസംഗങ്ങളും എഴുതിയിട്ടുള്ളതു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? ഈ കാര്യത്തിൽ പോലീസു് അനാസ്ഥ കാണിച്ചിട്ടുണ്ടെന്നു കണ്ടാൽ കർശനമായ നടപടികളും സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ: ആ കാര്യം ഗവണ്മെന്റിന്റെ ഗൗരവമായ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്. വേണ്ട നടപടികളും എടുത്തുവരികയാണു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : പ്രാദേശികമായി, സബ് ഇൻസ്പെക്ടർമാർ സമയത്തു കേസു ചാർജ്ജുചെയ്യാതെ, മറിച്ചു് എന്തെങ്കിലും തീരുമാനം എടുത്താൽ, ഗവണ്മെന്റിലേക്കു് അതിനെ സംബന്ധിച്ചു് എന്തെങ്കിലും പരാതികിട്ടിയാൽ അതിനെപ്പറ്റി അന്വേഷിച്ചു നടപടിനടത്താൻ സബ് ഇൻസ്പെക്ടർമാരെത്തന്നെയാണോ ചുമതലപ്പെടുത്തുന്നതു്; മറുവല്ല ഏർപ്പാടും ഉണ്ടോ?

ശ്രീ. ആർ. ശങ്കർ : സാധാരണ കൊലക്കേസുകളെപ്പറ്റി, വളരെ പ്രധാനപ്പെട്ട അന്വേഷണത്തിന്റെ ചുമതല സബ് ഇൻസ്പെക്ടർക്കു നൽകുകയില്ല, സർക്കിൾ ഇൻസ്പെക്ടർക്കോ, ഡി. വൈ. എസ്. പി.ക്കോ ആയിരിക്കും. അവരുടെ അന്വേഷണത്തിൽ, പരാതി ഉണ്ടായാൽ മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെക്കൊണ്ടും അന്വേഷണം നടത്തിക്കും.

ശ്രീ. ഇ. പി. ഗോപാലൻ : കൊലക്കേസുകളുടെ ജഡ്ജ്മെന്റുകളിൽ കേസു വേണ്ടവിധം അന്വേഷിച്ചു ചാർജ്ജുചെയ്യാത്തതിനെപ്പറ്റി പ്രത്യേകം വിധിയിൽ പരാമർശിക്കപ്പെട്ടാൽ, അങ്ങനെയുള്ള കേസുകളും അന്വേഷിച്ച ഉദ്യോഗസ്ഥന്മാരുടെമേൽ നടപടികളും എടുക്കാൻ ഗവണ്മെന്റു പ്രത്യേകം ശ്രദ്ധിക്കാറുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : അങ്ങനെയുണ്ടാകുന്ന എല്ലാ കേസുകളെസംബന്ധിച്ചും പോലീസു നടപടികളെപ്പറ്റി തെളിവു ശേഖരിച്ച രീതിയിലും, കേസു നടത്തിയ രീതിയിലും ജഡ്ജ്മെൻറിൽ പരാമർശനം ഉണ്ടാകുന്ന എല്ലാ കേസുകളെസംബന്ധിച്ചും ഗവണ്മെൻറു പ്രത്യേകം നടപടി എടുക്കുന്നതാണു്. തെറ്റു ചെയ്യുന്ന ഉദ്യോഗസ്ഥൻെറ പേരിൽ ആവശ്യമായ ശിക്ഷണനടപടികളും എടുക്കുന്നുമാണു്.

മണ്ണു് ഇടിഞ്ഞുവീണു് മരണമടഞ്ഞവർ

* 395. [2] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴിയാർ പൗവ്വർഹൗസു് സ്വിച്ചു്യാർഡിനു സമീപം ജോലി ചെയ്തുകൊണ്ടിരുന്ന 5 തൊഴിലാളികളും മണ്ണിടിഞ്ഞുവീണു് മരണമടഞ്ഞ സംഭവത്തെക്കുറിച്ചു് ഗവണ്മെൻറു് അന്വേഷണം നടത്തുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ അതിൻെറ വിശദവിവരങ്ങളും നൽകുവാൻ ദയവുണ്ടാകുമോ ;

(സി) അവരുടെ കുടുംബങ്ങൾക്കു് എന്തു സഹായം നൽകി ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) സ്റ്റേറ്റു ഇലക്ട്രിസിറ്റി ബോർഡു അതിനെപ്പറ്റി അന്വേഷണം നടത്തി വിവരം ഗവണ്മെൻറിനെ അറിയിക്കുകയുണ്ടായി.

(ബി) 1953 ഡിസംബർ 14—ാം തീയതി 10·30—നു് മുഴിയാർ പവ്വർ ഹൗസു് സ്വിച്ചുയാർഡിനുസമീപം മണ്ണിടിഞ്ഞുവീണു ജോലിചെയ്തുകൊണ്ടു് നിന്നിരുന്ന പത്തു തൊഴിലാളികളും മണ്ണിനടിയിലായി. അതിൽ 5 തൊഴിലാളികളും മൃതിയടഞ്ഞു ; 5 പേർക്കു നിസ്സാരമായ പരിക്കുകളും പറ്റി.

(സി) പ്രസ്തുത ജോലി നടത്തിയിരുന്നതു് കൺട്രാക്ടർ ശ്രീ. സി. എം. ജോസഫാണു്. വർക്കുമെൻസു് കാമ്പൻസേഷൻ ആക്ടുപ്രകാരം നഷ്ടപരിഹാരം നൽകേണ്ടതു് കൺട്രാക്ടരാണു്. നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികളും ത്വരിതപ്പെടുത്താൻ കൺട്രാക്ടർക്കു പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ടു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : കൺട്രാക്ടർമാർ നഷ്ടപരിഹാരം നൽകുന്നതിനു് നിയമപരമായ നടപടികളും നടത്തിവരുമ്പോൾ കാലതാമസവും കഴപ്പുങ്ങളും ഉണ്ടാകാറുണ്ടു്. അതുകൊണ്ടു് ഇത്തരത്തിലുള്ള അത്യാഹിതങ്ങളും സംഭവിക്കുമ്പോൾ ഗവണ്മെൻറിൽനിന്നു് എന്തെങ്കിലും അടിയന്തിരാശ്വാസം നൽകുന്ന പതിവുണ്ടു്. അവിടെ മരിച്ച തൊഴിലാളികളുടെ കുടുംബത്തിനു് അങ്ങനെ എന്തെങ്കിലും സഹായം നൽകുമോ ?

ശ്രീ. ആർ. ശങ്കർ : വർക്കുമെൻസു കാമ്പൻസേഷൻ ആക്ടനുസരിച്ചു് അവർക്കു നഷ്ടപരിഹാരം കിട്ടാൻ അർഹതയുണ്ടോ ഇല്ലയോ എന്നു പരിശോധിച്ചശേഷം എന്തെങ്കിലും സാങ്കേതികതടസ്സംമൂലം സഹായം ലഭിക്കുകയില്ലെന്നു കണ്ടാൽ, അപ്പോഴും ഗവണ്മെൻറു അതിൽ ഇടപെടുകയും പ്രത്യേകം എക്സ്ഗ്രേഷ്യാ സഹായം നൽകുകയും ചെയ്യും. ഇപ്പോഴും വർക്കുമെൻസു കാമ്പൻസേഷൻ ആക്ടുപ്രകാരം സഹായധനം നൽകാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. എസ്. കുമാരൻ : ആ പ്രദേശത്തു് ഇതിനുമുൻപും ഇങ്ങനെ അപകടങ്ങൾ ഉണ്ടായിട്ടുണ്ടു്. അതിനു കാരണമെന്താണെന്നു വല്ല അന്വേഷണവും നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly